**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4284** **01-07-2024 - ൽ മറുപടിയ്ക്ക്**

**ജംഗ്ഷൻ ഇംപ്രൂവ്മെന്റ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ചെറുകിട നഗരങ്ങളിലെ ട്രാഫിക് ബ്ലോക്ക് കുറയ്ക്കുന്നതിനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ബജറ്റിൽ പ്രഖ്യാപിച്ച ജംഗ്ഷൻ ഇംപ്രൂവ്മെന്റ് പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്തെ 20 ജംഗ്ഷനുകൾ വികസിപ്പിക്കുന്നതിന് 05/11/2022-ലെ G0 (Rt) No. 1069/2022/PWD നമ്പർ ഉത്തരവ് പ്രകാരം 200 കോടി രൂപയുടെ ഭരണാനുമതി നൽകുകയും തുടർന്ന് 7 ജംഗ്ഷനുകൾക്ക് ഭൂമി ഏറ്റെടുക്കുന്ന പ്രവർത്തിക്കായി 33.93 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട് . കൂടാതെ ജംഗ്ഷനുകളുടെ പേരും യഥാർത്ഥ പ്രതീക്ഷിത ചെലവും ഉൾപ്പെടുത്തി പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിന് കിഫ്ബി നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ചിട്ടുള്ള കേരള റോഡ് ഫണ്ട് ബോർഡ് (KRFB) ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം പദ്ധതിയിൽ ഉൾപ്പെട്ട ജംഗ്ഷൻ വികസന പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പദ്ധതിയിൽ ഉൾപ്പെട്ട പയ്യന്നൂർ സെൻട്രൽ ബസാർ പ്രോജക്റ്റിന് കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ തുക എത്രയാണ് എന്ന് വിശദമാക്കാമോ; | (ബി) | പയ്യന്നൂർ സെൻട്രൽ ബസാർ ജംഗ്ഷൻ വികസന പദ്ധതിയുടെ ഭാഗമായി ആദ്യഘട്ടത്തിൽ ഭൂമിയേറ്റെടുക്കലിന് 20/10/2023-ലെ PWD023-06/AE-1/2023/KIIFB നമ്പർ നടപടിക്രമ ഉത്തരവ് പ്രകാരം 98.305 ലക്ഷം രൂപയുടെ സാമ്പത്തികാനുമതിയാണ് കിഫ്ബി നൽകിയിട്ടുള്ളത്. |
| (സി) | നടപടികൾ പൂർത്തീകരിച്ച് പദ്ധതി വേഗത്തിൽ ആരംഭിക്കുമോ; വ്യക്തമാക്കാമോ? | (സി) | NH 66 ൽ സ്ഥിതിചെയ്യുന്ന പെരുമ്പയിൽ നിന്നും പയ്യന്നൂർ റെയിൽവേ സ്റ്റേഷനിലേക്കും അന്നൂരിൽ നിന്ന് കണ്ടംങ്കാളിയിലേക്കുമുള്ള റോഡുകളെ ബന്ധിപ്പിക്കുന്ന പ്രധാന ജംഗ്ഷനാണിത്. പ്രസ്തുത ജംഗ്ഷനിൽ നിന്നും പെരുമ്പ ഭാഗത്തേക്ക് 460 മീറ്ററും, പയ്യന്നൂർ റെയിൽവെ സ്റ്റേഷൻ ഭാഗത്തേക്ക് 440 മീറ്ററും, അന്നൂർ ഭാഗത്തേക്ക് 200 മീറ്ററും, കണ്ടംങ്കാളി ഭാഗത്തേക്ക് 200 മീറ്ററുമായാണ് പ്രവൃത്തി വിഭാവനം ചെയ്തിട്ടുള്ളത്. കെ.ആർ.എഫ്.ബി, പൊതുമരാമത്ത് വകുപ്പ് ഹൈവേ ഡിസൈൻ യൂണിറ്റ് ഉദ്യോഗസ്ഥർ |

| | | | |
|---|---|---|---|
| | | | ബഹു. എം.എൽ.എയുടെ സാന്നിധ്യത്തിൽ 20/02/2023-ന് നടത്തിയ സംയുക്ത സ്ഥലപരിശോധനയിൽ ഹൈവേ ഡിസൈൻ യൂണിറ്റ് തയ്യാറാക്കിയ DPR പരിശോധിക്കുകയും ചില മാറ്റങ്ങൾ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ DPR പ്രകാരം പദ്ധതിക്കായി 284.27 സെൻറ് ഭൂമി ഏറ്റെടുക്കുന്നതിനായി 34.11 കോടി രൂപയും, കെട്ടിടങ്ങൾ നഷ്ടപ്പെടുന്നവർക്ക് നഷ്ടപരിഹാരമായി 15.69 കോടി രൂപയും, യൂട്ടിലിറ്റി ഷിഫ്റ്റിങ്ങിനായി 10.4 ലക്ഷം രൂപയും ഉൾപ്പെടെ 60.749 കോടി രൂപയുടെ എസ്റ്റിമേറ്റാണ് ഹൈവേ ഡിസൈൻ യൂണിറ്റിൽ നിന്നും സമർപ്പിച്ചിട്ടുള്ളതെന്നും ആയത് പുതുക്കിയ സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിനായി കിഫ്ബിക്ക് സമർപ്പിക്കുന്നതാണെന്നും നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്.<br><br>നിർവ്വഹണ ഏജൻസി പുതുക്കിയ DPR സമർപ്പിയ്ക്കുന്ന മുറയ്ക്ക് ആയത് അവലോകനം നടത്തി കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി ജനറൽ ബോഡി/ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി പുതുക്കിയ ധനാനുമതി നൽകുന്നതിന് കിഫ്ബി നടപടികൾ സ്വീകരിക്കുന്നതാണ്. പുതുക്കിയ ധനാനുമതി ലഭിച്ച ശേഷം സാങ്കേതികാനുമതി ലഭ്യമാക്കി ടെൻഡർ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് നിർവ്വഹണ ഏജൻസിക്ക് പ്രവൃത്തി ആരംഭിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

4284

# അനുബന്ധം

| ക്രമ നം | പ്രവൃത്തി യുടെ പേര് | നിലവിലെ സ്ഥിതി |
|---|---|---|
| 1 | അമ്പലമുക്ക് - സാന്ത്വന ജംഗ്ഷൻ | ഭൂമി ഏറ്റെടുക്കുന്നതിനായി കിഫ്ബി 7.53 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകുകയും 6(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| 2 | ജഗതി - ഡി.പി.ഐ ജംഗ്ഷൻ | രണ്ട് ഘട്ടങ്ങളിലായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രസ്തുത പ്രവൃത്തിയുടെ ആദ്യ ഘട്ടമായ ജഗതി, ഡി.പി.ഐ ജംഗ്ഷനുകളുടെ വികസന പ്രവൃത്തിയുടെ പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗം തയ്യാറാക്കുന്ന ഡി.പി.ആർ ഉടൻ തന്നെ അംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിക്കുന്നതാണ് എന്ന് നിർവഹണ ഏജൻസി അറിയിച്ചിട്ടുണ്ട് |
| 3 | പള്ളിമുക്ക് ജംഗ്ഷൻ | ഭൂമി ഏറ്റെടുക്കുന്നതിനായി കിഫ്ബി 22/06/2023-ലെ നടപടിക്രമ ഉത്തരവ് പ്രകാരം 3.08 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകുകയും, പിന്നീട് -ലെ നടപടിക്രമ ഉത്തരവ് പ്രകാരം ആയത് 8.335 കോടി രൂപയായി പരിഷ്കരിക്കുകയും ചെയ്തിരുന്നു. അതിർത്തികല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതിയ്ക്കായി PD KRFB ക്ക് സമർപ്പിച്ചിട്ടുണ്ട് |
| 4 | കൊട്ടാരക്കര | ജംഗ്ഷൻ വികസനം ഫ്ലൈഓവറായാണ് വിഭാവനം ചെയ്തിരിക്കുന്നതെങ്കിലും |

| | | |
|---|---|---|
| | മാർക്കറ്റ് ഫ്ലൈ ഓവർ ജംഗ്ഷൻ | സ്ഥലം ഏറ്റെടുക്കൽ ഉൾപ്പെടെയുള്ള നിർമ്മാണച്ചെലവ് വളരെ അധികമാകും എന്നതിനാലും, ഈ ജംഗ്ഷൻ കൊല്ലം - ചെങ്കോട്ട റോഡിൽ ഉൾപ്പെട്ടതിനാലും NHAI-യുമായി ചേർന്ന് മീറ്റിംഗ് നടത്തി ജംഗ്ഷൻ വികസന പദ്ധതി സംബന്ധിച്ച തീരുമാനം കൈക്കൊള്ളുന്നതാണ് എന്ന് നിർവഹണ ഏജൻസി അറിയിച്ചിട്ടുണ്ട് |
| 5 | കോഴഞ്ചേരി ജംഗ്ഷൻ | ബഹു. ആരോഗ്യ വകുപ്പ് മന്ത്രി നിർദ്ദേശിച്ച അധിക വിവരങ്ങൾ കൂടി ഉൾപ്പെടുത്തി സമർപ്പിച്ച അലൈൻമെന്റിന്റെ സാധ്യതാ പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും, ഡി.പി.ആർ 11/06/2024-ന് നിർവ്വഹണ ഏജൻസി സാമ്പത്തികാനുമതിക്ക് വേണ്ടി കിഫ്ബിയിൽ സമർപ്പിച്ചിട്ടുമുണ്ട്. ആയതിന്റെ അപ്രൈസൽ പ്രോസസ്സ് നടന്നുകൊണ്ടിരിക്കുകയാണ് |
| 6 | ജനറൽ ഹോസ്പിറ്റൽ ജംഗ്ഷൻ | ജംഗ്ഷൻ വികസനം ഫ്ലൈഓവറായാണ് വിഭാവനം ചെയ്തിരിക്കുന്നതെങ്കിലും വാഹന സാന്ദ്രതാ പഠന റിപ്പോർട്ട് അനുസരിച്ച് ഫ്ലൈഓവറിന്റെ ആവശ്യകതയില്ലെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അറ്റ് ഗ്രേഡ് ജംഗ്ഷൻ വികസനമായി നിർവ്വഹിക്കുന്നതിനായി ഡിസൈനിൽ മാറ്റം വരുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിനായി സർക്കാരിൽ സമർപ്പിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് 25/04/2024-ന് ഡിസൈൻ വിഭാഗത്തിന് നിർവ്വഹണ ഏജൻസി കത്ത് നൽകിയിട്ടുണ്ട്. |
| 7 | കഞ്ഞിക്കുഴി | DPR തയ്യാറാക്കുന്നതിന് സാധ്യതാ പഠനത്തിനായി രണ്ടു ഡിസൈനുകൾ |

| | | |
|---|---|---|
| | ജംഗ്ഷൻ വികസനം | പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിൽ നിന്നും ലഭിച്ചിട്ടുണ്ട്. ഡിസൈൻ, ഭൂമി ഏറ്റെടുക്കൽ തുടങ്ങിയ വിഷയങ്ങൾ ബഹു. കോട്ടയം എം.എൽ.എയുമായി 07/06/2024-ന് ചർച്ച നടത്തുകയും കിഫ്ബി നൽകിയ നിർദ്ദേശ പ്രകാരം നാഷണൽ ഹൈവേയ്ക്ക് പ്രധാന്യം നൽകി ഡിസൈൻ പരിഷ്കരിക്കുന്നതിനുള്ള തുടർ പ്രവർത്തനങ്ങൾ നടന്ന് വരുന്നു. |
| 8 | തെങ്ങണ ജംഗ്ഷൻ | ഭൂമി ഏറ്റെടുക്കുന്നതിനായി കിഫ്ബി 2.58 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകുകയും, നിർവ്വഹണ ഏജൻസി സമർപ്പിച്ച അലൈൻമെന്റ് ഡ്രോയിംഗ് കിഫ്ബി അംഗീകരിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. അധിക ഭൂമിയുടെ സർവ്വേ നമ്പറുകളും FMB സ്കെച്ചും റവന്യൂ വകുപ്പിൽ നിന്നും ലഭ്യമാകേണ്ടതുണ്ട്. |
| 9 | എച്ച്.എം. ടി. ജംഗ്ഷൻ | പ്രസ്തുത പദ്ധതിയ്ക്കായി പൊതുമരാമത്ത് പ്രൊജക്ട് പ്രിപ്പറേഷൻ യൂണിറ്റ് തയ്യാറാക്കിയ 7.47 കോടി രൂപയുടെ DPR നിർവ്വഹണ ഏജൻസി 16/10/2023-ന് കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. 17/11/2023-ന് കിഫ്ബി, KRFB ഉദ്യോഗസ്ഥർ നടത്തിയ സംയുക്ത സ്ഥലപരിശോധനയിൽ നിലവിലുള്ള ജംഗ്ഷനോട് ചേർന്നുള്ള റെയിൽവെ ഓവർബ്രിഡ്ജ് (ROB) വീതി കൂട്ടിയാൽ മാത്രമേ ജംഗ്ഷൻ വികസനം കൊണ്ട് ഫലപ്രാപ്തി ലഭിക്കുകയുള്ളൂ എന്ന് കണ്ടെത്തിയിരുന്നു. 15.01.2024-ന് ബഹു. വ്യവസായ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ തീരുമാന പ്രകാരം |

| | | |
|---|---|---|
| 10 | | KRFB, RBDCK, റെയിൽവേ ഉദ്യോഗസ്ഥർ സംയുക്ത സ്ഥലപരിശോധന നടത്തി ROB വികസനത്തിന്റെ പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് RBDCK-യെ ചുമതലപ്പെടുത്തിയിരുന്നു. 15.03.2024-ന് KRFB, RBDCK, റെയിൽവേ ഉദ്യോഗസ്ഥർ നടത്തിയ സംയുക്ത സ്ഥലപരിശോധനയിൽ റെയിൽവേയുടെ മൂന്നാമതായി വരുന്ന ലെയിനിന്റെ സ്ഥാനം നിശ്ചയിച്ചിട്ടില്ലാത്തതിനാൽ ROB-യുടെ പൂർണ്ണ രൂപകൽപന ഈ ഘട്ടത്തിൽ സാധ്യമല്ലെന്നും ഓവർ ബ്രിഡ്ജ് വീതി കൂട്ടാതെ തന്നെ ജംഗ്ഷൻ വികസനവുമായി മുന്നോട്ട് പോകുവാനും ആണ് RBDCK അഭിപ്രായപ്പെട്ടത്. 13/05/2024-ന് നടന്ന മീറ്റിംഗിൽ ബന്ധപ്പെട്ട വകുപ്പുകളുടെ യോഗം വിളിച്ച് ടി വിഷയത്തിൽ തീരുമാനത്തിൽ എത്താമെന്ന് ബഹു. വ്യവസായ വകുപ്പ് മന്ത്രി നിർദ്ദേശിച്ചിട്ടുണ്ട്. |
| 10 | ഒല്ലൂർ ജംഗ്ഷൻ | പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിങ്ങിൽ നിന്നും ലഭിച്ച ഭൂമി ഏറ്റെടുക്കലിനുള്ള പ്ലാൻ പ്രകാരം 57 കോടി രൂപയുടെ പ്രൊപ്പോസൽ നിർവ്വഹണ ഏജൻസി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ അപ്രൈസൽ പ്രോസസ്സ് നടന്നുകൊണ്ടിരിക്കുകയാണ് |
| 11 | കൂറ്റനാട് ജംക്ഷൻ | ഭൂമി ഏറ്റെടുക്കുന്നതിനായി 22/05/2023-ലെ നടപടിക്രമ ഉത്തരവ് പ്രകാരം കിഫ്ബി 1.2857 കോടി രൂപയുടെ സാമ്പത്തിക അനുമതി നൽകിയിരുന്നു. അലൈൻമെന്റ് കല്ലുകളും അതിർത്തി |

| | | |
|---|---|---|
| | | കല്ലുകളും സ്ഥാപിക്കുന്ന പ്രവൃത്തി സൈറ്റിൽ പുരോഗമിക്കുകയാണ്. പൊതുമരാമത്ത് ഡിസൈൻ വിഭാഗം തയ്യാറാക്കിയ DPR 05/04/2024-ന് നിർവ്വഹണ ഏജൻസി സമർപ്പിച്ചിട്ടുള്ളതും, ആയത് അവലോകനം നടത്തി ഭൂമിയേറ്റെടുക്കലിനുള്ള യഥാർത്ഥ തുക സഹിതം പുനഃസമർപ്പിക്കുവാൻ നിർദ്ദേശിച്ചു കൊണ്ട് 04/06/2024-ന് തിരിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. |
| 12 | മൂന്നാർ ജംഗ്ഷൻ | നിലവിൽ മൂന്നാർ ജംഗ്ഷൻ വികസനം, മൂന്നാർ ഫ്ലൈഓവർ ബൈപാസ് എന്നീ 2 പദ്ധതികൾ കിഫ്ബിയുടെ പരിഗണയിലുണ്ട്. മൂന്നാർ ജംഗ്ഷൻ വികസന പദ്ധതിയിൽ മുതിരപ്പുഴയാറിനു കുറുകെയുള്ള പാലത്തിന്റെ ഇരു വശങ്ങളിലുമുമായി രണ്ട് ത്രീ ആം ജംഗ്ഷനുകളുടെ വികസനമായാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഈ പ്രൊപ്പോസൽ മൂന്നാർ ഫ്ലൈഓവർ ബൈപാസ് പദ്ധതി സംബന്ധിച്ച അന്തിമ തീരുമാനത്തിന് വിധേയമായി പരിഗണിക്കാമെന്നാണ് നിലവിൽ തീരുമാനിച്ചിട്ടുള്ളത്. |
| 13 | പെരിന്തൽ മണ്ണ ജംഗ്ഷൻ | പൊതുമരാമത്ത് ഹൈവേ ഡിസൈൻ യൂണിറ്റ് തയാറാക്കിയ DPR 04/12/2023-ന് നിർവ്വഹണ ഏജൻസി കിഫ്ബിയിൽ സമർപ്പിരുന്നു. 12/10/2023-ന് കിഫ്ബി, KRFB ഉദ്യോഗസ്ഥർ ബഹു. ചെരിന്തൽമണ്ണ എം.എൽ.എയുടെ സാന്നിധ്യത്തിൽ സംയുക്ത സ്ഥല പരിശോധന നടത്തി കിഫ്ബി സാങ്കേതിക നിരീക്ഷണ കുറിപ്പ് (TON) നൽകിയിരുന്നു. |

| | | |
|---|---|---|
| | | ആയതനുസരിച്ച് ഡിസൈൻ വിഭാഗം തയ്യാറാക്കിയ ഭൂമിയേറ്റെടുക്കലിനുള്ള പ്ലാനും ജംഗ്ഷൻ ഡ്രോയിംഗും സഹിതം ഭൂമി ഏറ്റെടുക്കലിന് 57.78 കോടി രൂപയുടെ സാമ്പത്തിക അനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ അപ്രൈസൽ പ്രോസസ്സ് നടന്നുകൊണ്ടിരിക്കുകയാണ് |
| 14 | ഫെറോക്ക് പേട്ട ജംഗ്ഷൻ | ഭൂമി ഏറ്റെടുക്കുന്നതിനായി കിഫ്ബി 22/06/2023-ലെ നടപടിക്രമ ഉത്തരവ് പ്രകാരം 7.375 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകുകയും, പിന്നീട് 09/03/2024-ലെ നടപടിക്രമ ഉത്തരവ് പ്രകാരം ആയത് 11.96 കോടി രൂപയായി പരിഷ്കരിക്കുകയും ചെയ്തിരുന്നു. ഭൂമിയേറ്റെടുക്കലിന്റെ ഭാഗമായി 12.09.2023-ന് 6(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും അതിർത്തിക്കല്ലുകൾ സ്ഥാപിക്കുകയും കണ്ടിജൻസി ചാർജ് തഹസിൽദാർക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. |
| 15 | കാരപറമ്പ് ജംഗ്ഷൻ | ഈ പ്രവൃത്തി കോസ്റ്റൽ ഷിപ്പിംഗ് & ഇൻലന്റ് നാവിഗേഷൻ വകുപ്പ് മുഖേന നടപ്പാക്കുന്ന പശ്ചിമതീര കനാലിന്റെ ഭാഗമായ കനോലി കനാൽ വികസന പദ്ധതിയുമായി ഇന്റർസെക്ട് ചെയ്യുന്നതിനാൽ പ്രസ്തുത പ്രവൃത്തിയുടെ അലൈൻമെന്റ് പ്രൊപ്പോസൽ ലഭിച്ച ശേഷം ജംഗ്ഷൻ വികസന പ്രവൃത്തി പരിഗണിക്കാമെന്നാണ് നിലവിൽ തീരുമാനിച്ചിട്ടുള്ളത്. |

| | | |
|---|---|---|
| 16 | പാളയം പുഷ്പ ജംഗ്ഷൻ | പ്രസ്തുത പ്രവൃത്തിയ്ക്കായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള റിപ്പോർട്ട് സമ്പത്തികാനുമതിയ്ക്കായി നിർവ്വഹണ ഏജൻസി കിഫ്ബിക്ക് സമർപ്പിച്ചിരുന്നെങ്കിലും, പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിനും കോഴിക്കോട് മോണോ റെയിൽ/ മെട്രോ റെയിൽ അലൈൻമെൻറ് ഇത് വഴി തന്നെ കടന്നു പോകുന്നതിനാൽ ആയതിന്റെ കുടി ഫീസിബിലിറ്റി ഉറപ്പ് വരുത്തിയ ശേഷം DPR പുനഃസമർപ്പിക്കുവാൻ നിർദ്ദേശിച്ച് തിരിച്ച് നൽകിയിരുന്നു. |
| 17 | മാനന്തവാടി പോസ്റ്റ് ഓഫീസ് ജംഗ്ഷൻ | പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിംഗിൽ നിന്നും ലഭിച്ച ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്ലാനും ഡ്രോയിംഗുകളും സംബന്ധിച്ച് KRFB കോഴിക്കോട്/ വയനാട് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ പ്രോജക്റ്റ് ഡയറക്ടർക്ക് സമർപ്പിച്ച സാദ്ധ്യതാ പഠന റിപ്പോർട്ട് പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതിന് ഡിസൈൻ വിംഗിന് നിർദ്ദേശം നൽകുന്നതാണെന്ന് നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. |
| 18 | ചക്കരക്കൽ ജംഗ്ഷൻ | ഭൂമി ഏറ്റെടുക്കുന്നതിനായി കിഫ്ബി 22/06/2023-ലെ നടപടിക്രമ ഉത്തരവ് പ്രകാരം 1.27 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിരുന്നു. ചക്കരക്കൽ ജംഗ്ഷൻ വികസനം, ചക്കരക്കൽ ബൈപ്പാസ് എന്നീ രണ്ട് പ്രവൃത്തികൾ ധർമ്മടം നിയോജക മണ്ഡലത്തിൽ നിലവിലുള്ളതിനാൽ ഇതിൽ ഏതെങ്കിലും ഒന്നുമായി മാത്രം മുന്നോട്ടു പോകുവാൻ ധർമ്മടം |

| | | |
|---|---|---|
| 19 | | മണ്ഡലത്തിലെ പ്രതിനിധികൾ ഉൾപ്പെട്ട യോഗങ്ങളിൽ ചർച്ച ചെയ്ത് ചക്കരക്കൽ ജംഗ്ഷൻ അധിക സ്ഥലമേറ്റെടുത്ത 2.90 കി.മീ നീളത്തിൽ നാലുവരിയായി വികസിപ്പിക്കുവാൻ തീരുമാനമാവുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ 4836.80 sqm അധിക സ്ഥലം ഏറ്റെടുക്കേണ്ടതായും 57 കെട്ടിടങ്ങൾ പൊളിച്ചു നീക്കേണ്ടതായും വരും. താഴെ ചൊവ്വ - ചക്കരക്കൽ - അഞ്ചരക്കണ്ടി ഭാഗത്തേക്കും, ചക്കരക്കൽ - മുഴപ്പാല ഭാഗത്തേക്കും നാലുവരിയായി 18.5 മീറ്റർ ROW-ലും, ചക്കരക്കൽ - മൂന്നുപെരിയ ഭാഗത്തേക്ക് 2 വരിയായി 13.6 മീറ്റർ ROW-ലും വിഭാവനം ചെയ്യുവാൻ കിഫ്ബി നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത നിർദ്ദേശ പ്രകാരം വിശദപഠന റിപ്പോർട്ട് തയ്യാറാക്കുന്ന പ്രവൃത്തി പിഡബ്ല്യൂഡി ഡിസൈൻ വിങ്ങിൽ (PPU) പുരോഗമിച്ചു വരുന്നു |
| 19 | പയ്യന്നൂർ സെൻട്രൽ ബസാർ ജംഗ്ഷൻ | ഇതേ ചോദ്യത്തിന്റെ (ബി), (സി) പിരിവുകൾക്കുള്ള മറുപടിയിൽ പ്രത്യേകമായി ഉൾപ്പെടുത്തിയിട്ടുണ്ട്. |
| 20 | പ്രസ്സ് ക്ലബ് ജംഗ്ഷൻ | പ്രസ്തുത പദ്ധതിക്കായി പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിംഗ് ഫ്ലൈഓവർ, അറ്റ്-ഗ്രേഡ് ജംഗ്ഷൻ വികസനം എന്നിങ്ങനെ 2 പ്രൊപ്പോസലുകൾ സാദ്ധ്യതാ പരിശോധനയ്ക്കായി നൽകിയതിൽ നിന്നും 09/01/2024-ന് കിഫ്ബി ആസ്ഥാനത്ത് വച്ച് നടന്ന യോഗത്തിലെ തീരുമാന പ്രകാരം അറ്റ്-ഗ്രേഡ് ജംഗ്ഷൻ വികസനത്തിനുള്ള |

| | | |
|---|---|---|
| | | സാദ്ധ്യത പരിശോധിച്ച് KRFB കാസർഗോഡ് എക്സിക്യൂട്ടീവ് എൻജിനീയർ സമർപ്പിച്ച റിപ്പോർട്ട് തുടർനടപടികൾക്കായി ഡിസൈൻ വിംഗിന് 17/05/2024-ന് നൽകിയിരുന്നു. നിലവിൽ ലാന്റ് അക്വിസിഷൻ പ്ലാൻ തയ്യാറാക്കി വരികയാണെന്ന് നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. |

Reji John

ജോയിന്റ് സെക്രട്ടറി